
# SRI MANNAM



**മന്നം: സമുദായത്തിനാകെ ദൈവതുല്യൻ**

എന്റെ ദേവനും ദേവിയും എൻ.എസ്.എസാണെന്നു പ്രഖ്യാപിച്ച് ഒരു സമുദായത്തിനൊന്നാകെ ദൈവതുല്യനായി മാറുകയായിരുന്നു മന്നത്ത് പത്മനാഭൻ എന്ന കർമ്മയോഗി. സമുദായത്തിന്റെ ഉന്നമനത്തിനായി ജീവിതം തന്നെ സമർപ്പിച്ച ആ വ്യക്തിത്വം അഭിവൃദ്ധിയാഗ്രഹിക്കുന്ന ഏതൊരു സമൂഹത്തിനും എന്നും പിന്തുടരാവുന്ന നിതാന്ത മാതൃകയാണ്. ആ യുഗപ്രഭാവന്റെ 36ാം സമാധി ഫെബ്രുവരി 25ന് ആചരിക്കുകയാണ്.

ആത്മാർഥതയിലും കർമശേഷിയിലും കൃത്യനിഷ്ഠയിലും പടുത്തുയർത്തിയ ആ പ്രവർത്തനങ്ങൾ എന്നും ഒരു വിജയിയുടേത് മാത്രമായിരുന്നു. ലക്ഷ്യസാക്ഷാത്കാരത്തിനു വേണ്ടി ഇത്രയും ഉണർന്ന് പ്രവർത്തിക്കുകയും അതിനു വേണ്ടി ജീവിതത്തിന്റെ ഓരോ നിമിഷവും വിശ്രമമില്ലാതെ യത്നിക്കുകയും ചെയ്ത അപൂർവ മാതൃകയാണ് മന്നം സൃഷ്ടിച്ചത്. എത്ര എളിയ തുടക്കമായിരുന്നു എൻ.എസ്. എസിന്റേതെന്ന് അദ്ദേഹത്തിന്റെ വാക്കുകളിലൂടെ തന്നെ കേൾക്കാം:

മന്നത്തു വീടിന്റെ പൂമുഖം തൂത്തു വൃത്തിയാക്കി. ചുറ്റും പായ് വിരിച്ചു. തുടച്ചു മിനുസമാക്കിയ നിലവിളക്ക് കത്തിച്ച് എന്റെ അമ്മ തന്നെ ആ പൂമുഖത്തിന്റെ നടുവിൽ കൊണ്ടുവച്ചു. അതിന്റെ മുന്നിൽ ഒരു ചെറിയ തൂശനിലയിൽ കുറെ പുഷ്പവും ഭസ്മവും കൊണ്ടുവന്നു വച്ചതോടെ ഒരുക്കം പൂർത്തിയായി.

ഞങ്ങൾ പതിനാലു പേരും വിളക്കിനു ചുറ്റുമിരുന്ന് പ്രാർഥന തുടങ്ങി. സമുദായക്ഷേമത്തിനു വേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിക്കും എന്നു പ്രതിജ്ഞ ചെയ്തു. കേളപ്പൻ നായരെ പ്രസിഡന്റായും എന്നെ ജനറൽ സെക്രട്ടറിയായും പനങ്ങോട്ടു കേശവപ്പണിക്കരെ ഖജാൻജിയായും തിരഞ്ഞെടുത്തു.

നിബന്ധന എഴുതിയുണ്ടാക്കാൻ എന്റെ കൂടെ വേറെ രണ്ടുപേരെയും ചേർത്ത് ഒരു സബ്കമ്മിറ്റി രൂപീകരിച്ചു. ഇങ്ങനെ കൊല്ലവർഷം 1090 തുലാം 15(1914 ഒക്ടോബർ 31) നു സന്ധ്യയ്ക്കു മുൻപു മന്നത്തു വീട്ടിൽവച്ചു നായർ സമുദായ ഭൃത്യജനസംഘം എന്ന പേരിൽ ഭൂലോകജാതം ചെയ്ത ശിശുവാണ് ഇന്നത്തെ നായർ സർവീസ് സൊസൈറ്റി.

അദ്ദേഹം തട്ടിയുണർത്തിയത് ആലസ്യത്തിലാണ്ടു കിടന്ന ഒരു ജനസമൂഹത്തിന്റെ ഇച്ഛാശക്തിയെയുമായിരുന്നു. ആഘോഷിച്ചു നശിക്കുമായിരുന്നവരെ അധ്വാനിച്ച് വിജയിക്കുന്നവരാകാൻ അദ്ദേഹം വഴികാട്ടി. ഒപ്പം നായർസമുദായത്തിന്റെ നാലുകെട്ടിനുള്ളിൽ നവോത്ഥാനത്തിന്റെ കാറ്റും വെളിച്ചവും പകർന്ന് അതിനെ ആധുനിക ജീവിതത്തിന്റെ ആവശ്യങ്ങൾക്കു സജ്ജമാക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. മരുമക്കത്തായത്തിനും ആദ്യോഹരി ഭാഗത്തിനും വേണ്ടി അദ്ദേഹം കൈക്കൊണ്ട ഉറച്ച നിലപാടുകൾ വിപ്ലവം സൃഷ്ടിച്ചു. സമുദായത്തിന്റെ സുസ്ഥിര വികസനത്തിന്റെ ആണിക്കല്ലായത് ആ നിലപാടുകളാണ്.

**തേനീച്ചയെപ്പോലെ പണിയെടുത്തു, സമുദായത്തിനായി**

ഞാനൊട്ടു മരിക്കുകയില്ല. മരിക്കാനൊട്ടു നേരവുമില്ല– ഒരിക്കൽ മന്നം വാശി തുടിക്കുന്ന ശബ്ദത്തോടെ പറഞ്ഞു. അതെ, മരിക്കാതിരിക്കണം എന്നു മന്നം പറഞ്ഞത് ജീവിതസുഖം മതിയായില്ലെന്ന സ്വാർഥതയോടെയല്ല. മരിക്കാൻ മന്നത്തിനു നേരവുമൊട്ടില്ലായിരുന്നു. സ്വകാര്യസുഖങ്ങൾ മരിക്കുമ്പോഴും അദ്ദേഹത്തിന് വിഷമമായിരുന്നിട്ടില്ല. ഇരവും പകലും സംഘടനയുടെ വളർച്ചയ്ക്കായുള്ള അലച്ചിൽ തന്നെയായിരുന്നു ആ ജീവിതം. അതിനിടെ മരിക്കാനെവിടെ നേരം? പിടിയരിയും കെട്ടുതെങ്ങും ഉത്പന്നപ്പിരിവും ജന്മനക്ഷത്രപ്പിരിവുമൊക്കെയായി ക്ലേശങ്ങളുടെ കനൽവഴി ചവിട്ടിയാണ് ഈ അച്ഛൻ എൻ.എസ്.എസ്. എന്ന സന്താനത്തെ വളർത്തിയത്. ഓരോ അണ പോലും എൻ.എസ്.എസിനു വേണ്ടി മാറ്റിവച്ചു.

സമുദായത്തിനു വേണ്ടി രാവിലെ തന്നെ പണപ്പിരിവിനിറങ്ങുന്ന അദ്ദേഹം എന്നും രാത്രി വൈകി മാത്രമാണ് വീട്ടിലെത്തുക. ചാക്കു പോലുള്ള ഖദർ മുണ്ടും ഷർട്ടും അപ്പോഴേക്കും വിയർപ്പിൽ നനഞ്ഞിരിക്കും. പൊടി പുരണ്ട് അത് ആകെ കാവിവസ്ത്രമായിക്കഴിയും. പിന്നാലുടൻ വസ്ത്രം നനച്ച് ഉണങ്ങാനിടുകയായി. അതുടുത്തുകൊണ്ട് പിറ്റേന്ന് ധനസമാഹരണത്തിന് വീണ്ടും പുറപ്പെടുന്നു. ഖദർ ഒറ്റമുണ്ടും മുറിക്കയ്യൻ ഷർട്ടും കറുത്ത കരയുള്ള ഒരു തോർത്തും ധരിച്ചാണ് 1966ൽ മന്നം രാഷ്ട്രപതിയിൽനിന്ന് പദ്മഭൂഷൺ പുരസ്കാരം ഏറ്റുവാങ്ങിയത്.

മന്നം പെരുന്നയിലെ മാരണത്തുകാവിൽ പണികഴിപ്പിച്ച കാലത്താണ് പിടിയരിപ്പിരിവ് നടപ്പാക്കുന്നത്. പിടിയരി സമ്പ്രദായത്തെപ്പറ്റി മന്നം പറഞ്ഞ വാക്കുകൾ ഇതാണ്: ഒരു ചെറിയ കലമോ ചട്ടിയോ വേണം. അടുക്കളയിൽ അമ്മമാരുടെ ചുമതലയിൽ അതു വയ്ക്കണം. അരി അടുപ്പത്തിടുമ്പോഴെല്ലാം പട്ടിണി കിടക്കുന്ന നായർസമുദായത്തെ സ്മരിച്ച് ഒരു പിടി അരി അതിലിടണം. ഐശ്വര്യപൂർണമായി പണിതീർന്ന ആ മന്ദിരം ഇന്നും ആചാര്യസ്മരണയിൽ സഗൗരവം തലയുയർത്തി നിലകൊള്ളുന്നു.

സമുദായത്തിനു വേണ്ടിയുള്ള ഈ സമ്പാദ്യക്കൂട്ടലിന് ഉദാഹരണമായി കഥകൾ ഒട്ടേറെയുണ്ട്. ഷഷ്ടിപൂർത്തി ആഘോഷിച്ചപ്പോൾ തിരുവിതാംകൂർ മഹാരാജാവ് ആറുപവന്റെ സ്വർണമാല അദ്ദേഹത്തിനു സമ്മാനിച്ചു. തിരിച്ചു വീട്ടിലെത്തിയപ്പോൾ മകൾ അതെടുത്തണിഞ്ഞു. ഒറ്റ മകളാണ്. പക്ഷേ അദ്ദേഹം അത് മകളുടെ കഴുത്തിൽ നിന്നു വാങ്ങി പിറ്റേന്നുതന്നെ എൻ.എസ്.എസ് ഓഫിസിൽ കൊടുത്ത് രസീത് വാങ്ങി മന്നം മടങ്ങി. ഒരിക്കൽ ചികിത്സയ്ക്കും പരിശോധനയ്ക്കും മറ്റുമായി കേരളത്തിനു പുറത്തേക്കു പോകാൻ മന്നം വിമാനത്താവളത്തിലെത്തി. കയറുന്നതിനു മുൻപ് ഇൻഷുറൻസ് എടുക്കണം. അതിനുള്ള അപേക്ഷ പൂരിപ്പിക്കുമ്പോൾ നോമിനിയായി ആരെ വയ്ക്കണമെന്നു ചോദിച്ചു. എൻ.എസ്.എസിനെ വച്ചാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മക്കളും കൊച്ചുമക്കളും ജീവിച്ചിരിക്കുമ്പോഴായിരുന്നു ഇതെന്നോർക്കണം.–അതായിരുന്നു മന്നം. സമുദായത്തിന്റെ വളർച്ചയ്ക്കായി കുതികൊണ്ട മനസ്സും ചിന്തയുമായിരുന്നു അദ്ദേഹത്തിന്റേത്.

**ചരിത്രത്തിന്റെ ചുവരിൽ ജീവിതരേഖയായി**

ലക്ഷക്കണക്കിന് അനുയായികളുടെ മനസ്സിൽ പതിഞ്ഞ ത്യാഗപൂർണവും ആദർശനിഷ്ഠവുമായ മന്നത്ത് പത്മനാഭന്റെ ജീവിതം ഇപ്പോൾ ചരിത്രത്തിന്റെ ചുവരുകളിലും പതിഞ്ഞിരിക്കുന്നു. എൻ. എസ്. എസ്. നവതി വർഷത്തിൽ മന്നം സമാധിയിൽ പ്രത്യേക നാലുകെട്ടു മാതൃകയിൽ പണിത ചിത്രശാലയിലാണ് ചുവർചിത്രരചന. മന്നത്തു പത്മനാഭന്റെ ജീവിതത്തിലെ സുപ്രധാനമായ സന്ദർഭങ്ങളാണ് പന്ത്രണ്ടു ചുവർചിത്രങ്ങളായി ആലേഖനം ചെയ്തിരിക്കുന്നത്. മന്നത്തിന്റെ ജനനംമുതലുള്ള ജീവിത സന്ദർഭങ്ങൾ ഈ ശ്രേണിയിലുണ്ട്. രജോഗുണ സങ്കൽപത്തിലാണ് ചുമർചിത്രങ്ങൾ വരച്ചിരിക്കുന്നത്. ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റേതായിരുന്നു ഈ ആശയം.